**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1991** **12-09-2023 - ൽ മറുപടിയ്ക്ക്**

**സേഫ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിന് ഗതാഗത വകുപ്പ് കെൽട്രോണിനെ ചുമതലപ്പെടുത്തിയിരുന്നോ : അറിയിക്കാമോ; | (എ) | ചുമതലപ്പെടുത്തിയിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം സഹായങ്ങളാണ് ഗതാഗത വകുപ്പ് നൽകിയതെന്ന് അറിയിക്കുമോ; | (ബി) | പദ്ധതി തുക മൂന്ന് മാസത്തിൽ ഒരിക്കലുള്ള 20 തുല്യ ഗഡുക്കളായാണ് കെൽട്രോണിന് കേരള റോഡ് സേഫ്റ്റി അതോറിട്ടി ഫണ്ടിൽ നിന്നും അനുവദിക്കേണ്ടത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നിയമപരമായ നടപടികളാണ് ഗതാഗത വകുപ്പ് കൈക്കൊണ്ടിട്ടുള്ളത്. |
| (സി) | ക്യാമറകൾ സ്ഥാപിച്ച ശേഷം റോഡ് അപകടങ്ങൾ എത്രത്തോളം കുറയ്ക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ; | (സി) | ക്യാമറകൾ സ്ഥാപിച്ച ശേഷമുള്ള കാലയളവിൽ അപകടങ്ങളുടെ എണ്ണത്തിൽ ചില മാസങ്ങളിൽ നേരിയ തോതിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും, മരണ നിരക്കിലും പരിക്കുകളുടെ എണ്ണത്തിലും കുറവ് വന്നിട്ടുണ്ട്.<br><br>സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം 2022 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും 2023 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും അപകടങ്ങളുടെ എണ്ണം, മരണ നിരക്ക്, പരിക്കുകളുടെ എണ്ണം എന്നിവയുടെ വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു. |
| (ഡി) | ക്യാമറകൾ സ്ഥാപിച്ചതിലൂടെ സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ക്യാമറകൾ സ്ഥാപിച്ചതിലൂടെ സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ എന്ന വസ്തുത വിലയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

| Accident Details | | | |
|---|---|---|---|
| Month | No of Accidents | No of Fatality | No of Injuries |
| Jun-22 | 3714 | 344 | 4516 |
| Jun-23 | 3787 | 276 | 4247 |
| | | Fatality reduced by **68** | |
| Jul-22 | 3316 | 313 | 3999 |
| Jul-23 | 3570 | 264 | 4056 |
| | | Fatality reduced by **49** | |
| Aug-22 | 3366 | 307 | 4040 |
| Aug-23 | 1065 | 58 | 1197 |
| | | Fatality reduced by **249*** | |

* As per SCRB data on 5/9/2023